LIBRARY ARCHIVES Kerala Legislative Assembly

ശൗചാലയ നിർമ്മാണം

55(5502) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി ശൗചാലയം നിർമ്മിക്കുന്നതിന് കേന്ദ്ര-സംസ്ഥാന പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷംവരെ മാത്രമേ ടോയ്ലെറ്റ് നിർമ്മാണ ധനസഹായ പദ്ധതി നടപ്പിലാക്കിയിട്ടുള്ളൂ. ഈ പദ്ധതി നിലവിൽ തുടർന്ന് വരുന്നില്ല. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത വിഭാഗക്കാർക്ക് വേണ്ടിയുള്ള പ്രസ്തുത പദ്ധതികൾ ഫലപ്രദമായി വിനിയോഗിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇനിയും എത്ര കുടുംബങ്ങൾക്ക് നിലവിൽ പ്രസ്തുത സൗകര്യം ഇല്ലായെന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പട്ടികജാതി വികസന വകുപ്പ് 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ ടോയ്ലെറ്റ് നിർമ്മാണ ധനസഹായ പദ്ധതിപ്രകാരം അനുവദിച്ച ടോയ്ലെറ്റുകളിൽ സ്പിൽ ഓവറായി അവശേഷിക്കുന്ന ടോയ്ലെറ്റുകൾ പൂർത്തീകരിക്കുന്നതിനായി ജില്ലകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. നിലവിൽ ഈ പദ്ധതി നടപ്പിലാക്കാത്തതിനാൽ ഇനിയും എത്ര കുടുംബങ്ങൾക്ക് ടോയ്ലെറ്റ് സൗകര്യമില്ലെന്ന വിവരം ലഭ്യമല്ല. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത വിഭാഗക്കാർക്കായുള്ള ഫണ്ടുകൾ യഥാവിധി വിനിയോഗിക്കുന്നുവെന്നും ഫണ്ട് അർഹതയുള്ളവർക്ക് തന്നെയാണ് ലഭിക്കുന്നതെന്നും ഉറപ്പുവരുത്താൻ നിലവിൽ വകുപ്പിനുള്ള സംവിധാനങ്ങൾ വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ ക്ഷേമ വികസന പദ്ധതികൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിച്ച് സമയബന്ധിതമായാണ് നടപ്പാക്കിവരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചാണ് പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. വകുപ്പ് വിവിധ തലങ്ങളിൽ നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ ക്ഷേമ

പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച പുരോഗതി വിലയിരുത്തപ്പെടുകയും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നു. വകുപ്പിന്റെ ആഭ്യന്തര ആഡിറ്റ് വിഭാഗം നടപ്പാക്കുന്ന എല്ലാ ക്ഷേമപദ്ധതികളും വിശദമായി പരിശോധിച്ച് ന്യൂനതപരിഹാര നടപടി നിർദ്ദേശിക്കുകയും ചെയ്യുന്നു. ആഡിറ്റ് വിഭാഗം കാലാകാലങ്ങളിൽ സമർപ്പിക്കുന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ യഥാവിധി തുടർനടപടി സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പട്ട വിവരം ശേഖരിച്ചുവരുന്നു.

ജാതി സർട്ടിഫിക്കറ്റ്

56(5503) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ;

&

(ബി) പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിക്കാൻ അപേക്ഷകന്റെ രണ്ട് അയൽവാസികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥനുമുമ്പാകെ ഹാജരായി സത്യപ്രസ്താവന നൽകണമെന്ന വ്യവസ്ഥയുണ്ടോ എന്ന് അറിയിക്കുമോ?

(എ&ബി) 1996-ലെ കേരള (പട്ടികജാതികളും പട്ടികഗോത്രവർഗ്ഗങ്ങളും) സമുദായ സാക്ഷ്യപത്രങ്ങൾ നൽകൽ ക്രമപ്പെടുത്തൽ നിയമം, 2002-ലെ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് പട്ടികജാതി/പട്ടികഗോത്രവർഗ്ഗ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നത്. അപേക്ഷകൻ തന്റെ ജാതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ ഹാജരാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായ പ്രാദേശികാന്വേഷണം നടത്തിയും ജാതി/മത വിവരങ്ങളുടെ നിജസ്ഥിതി ബോദ്ധ്യപ്പെട്ടും ലാൻഡ് റവന്യൂ മാന്വൽ Vol.6, Para 240 പ്രകാരം അപേക്ഷകന്റെയും മാതാപിതാക്കളുടേയും ജാതി സംബന്ധിച്ച രേഖകൾ പരിശോധിച്ചും ആവശ്യമുള്ളപക്ഷം അവകാശവാദമുന്നയിക്കുന്ന വ്യക്തിയുടെ അതേ ജാതി/മത വിഭാഗത്തിലുൾപ്പെട്ട അയൽസാക്ഷികളിൽ നിന്നുള്ള മൊഴികൾ ശേഖരിച്ചും തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly